**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 241** **15-02-2024 - ൽ മറുപടിയ്ക്ക്**

**ഇൻഡസ്ട്രിയൽ ട്രെയിനിംഗ് മേഖലയിലെ പശ്ചാത്തല സൗകര്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. പ്രേംകുമാർ,<br>ശ്രീ. പി. ടി. എ. റഹീം,<br>ശ്രീമതി ഒ എസ് അംബിക,<br>ശ്രീ. എൻ. കെ. അക്ബർ** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഇൻഡസ്ട്രിയൽ ട്രെയിനിംഗ് മേഖലയിൽ പശ്ചാത്തലസൗകര്യ രംഗത്ത് ഉണ്ടായിട്ടുള്ള പുരോഗതി വിശദമാക്കാമോ; | (എ) | 1. ഈ സർക്കാർ അധികാരത്തിൽ വന്നതിന ശേഷം ഐ.ടി.ഐ കളുടെ ഭൗതിക സാഹചര്യം ഉയർത്തുന്നതിലേക്കായി സ്വന്തമായി ഭൂമിയുള്ള 8 സ്ഥാപനങ്ങൾക്ക (ഐ.ടി.ഐ മണിയൂർ ,വടകര, വെള്ളമുണ്ട കുറ്റിക്കോൽ,പീലിക്കോട്, വാഴക്കാട് ഏലപ്പാറ, ആർ.ഐ സെന്റർ പാലക്കാട്) കെട്ടിട നിർമ്മാണത്തിനായി ആകെ **36.728 കോടി** രൂപയുടെ അനുമതി നൽകിയിട്ടുണ്ട് കൂടാതെ **34.978 കോടി** രൂപ ചെലവിൽ ഏറിയാട്, പേരാവൂർ, ചെറിയമുണ്ടം, ബേപ്പൂർ ആരക്കുഴ, മണീട്, വേങ്ങൂർ, കണ്ണൂർ (വനിത) പള്ളിക്കത്തോട്, കൂത്തുപറമ്പ്, ആറ്റിങ്ങൽ മരട് എന്നി 12 ഐ.ടി.ഐകളിൽ പുതിയ കെട്ടിട നിർമ്മാണം പൂർത്തിയാക്ക് ഉദ്ഘാടനം നിർവ്വഹിച്ചിട്ടുണ്ട്. അതോടൊപ്പ തിരുവനന്തപുരം ജില്ലയിലെ ചാക്ക ഐ.ടി.ഐയെയും കോഴിക്കോട് ജില്ലയിലെ കോഴിക്കോട് ഐ.ടി.ഐയെയു ഇൻർനാഷണൽ ഐ.ടി.ഐ ആക്ക് ഉയർത്തുന്നതിന്റെ ഭാഗമായി നിർമാണ നവീകരണ പ്രവർത്തനങ്ങൾക്കായി **8 കോട് രൂപ** അനുവദിക്കുകയും, ചാക്ക ഐ.ടി.ഐ യെ നവീകരിച്ച് ഉദ്ഘാടനം നടത്തുകയു ചെയ്തിട്ടുണ്ട്.<br><br>2. KIIFB പദ്ധതിയുടെ ഭാഗമായി 10 ഐ.ടി.ഐ കളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിനായി **82.5 കോടി രൂപയുടെ** അനുമതി ലഭിക്കുകയു അതിൽ താഴെ പറയുന്ന 4 ഐ.ടി.ഐ കള് |

| | | | |
|---|---|---|---|
| | | | കിഫ്ബി ഫണ്ട് ഉപയോഗിച്ച് കെട്ടിട നിർമാണം പൂർത്തിയാക്കി ഉദ്ഘാടന നിർവഹിച്ചിട്ടുണ്ട്. ഇതിൽ വിവരസാങ്കേതിക വിദ്യ പരമാവധി പ്രയോജനപ്പെടുത്തി ആധുനിക പഠന സജ്ജീകരണങ്ങളോട് കൂടിയ പ്രധാന കെട്ടിടം, സ്മാർട്ട് ക്ലാസ മുറികൾ, കോൺഫറൻസ് ഹാളുകൾ ലൈബ്രറി, വർക്ക്ഷോപ്പുകൾ സെമിനാർഹാൾ, അഗ്നിരക്ഷാ സംവിധാനങ്ങൾ, HVAC (Heating Ventilating & Air Conditioning System) CCTV network, Sign Board, നല്ല ഗുണമേന്മയിലുള്ള ഫർണിച്ചറുകൾ, ആധുനിക സുരക്ഷാ സംവിധാനമായ ELV System മഴവെള്ള സംഭരണി തുടങ്ങിയവ ഉൾപ്പെടുത്തിക്കൊണ്ടാണ് ഐ.ടി.ഐകളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക ഉയർത്തിയിട്ടുള്ളത്.<br><br>1. ഗവ. ഐ ടി ഐ, ധനുവച്ചപുരം, തിരുവനന്തപുരം<br><br>2. ഗവ. ഐ ടി ഐ, ചന്ദനത്തോപ്പ്, കൊല്ലം<br><br>3. ഗവ. ഐ ടി ഐ, ഏറ്റുമാനൂർ, കോട്ടയം<br><br>4. ഗവ. ഐ ടി ഐ, കൊയിലാണ്ടി, കോഴിക്കോട്<br><br>ചെങ്ങന്നൂർ, കട്ടപ്പന , മലമ്പുഴ , കണ്ണൂർ എന്നി ഐ.ടി.ഐകളെ അന്താരാഷ്ട്ര നിലവാരത്തി ലേക്ക് ഉയർത്തുന്നതിന്റെ ഭാഗമായുള്ള കെട്ടിട നിർമാണ പ്രവർത്തികൾ ഏകദേശം 80 % ത്തിൽ അധികം പൂർത്തീകരിച്ചിട്ടുണ്ട് അതുപോലെ കയ്യൂർ, ചാലക്കുടി എന്നി ഐ ടി ഐ കളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക ഉയർത്തുന്ന നടപടികൾ പുരോഗമിച്ചുവരുന്നു. |
| (ബി) | ഐ.ടി.ഐ.കളിൽ പ്രൊഡക്ഷൻ സെന്ററുകളും നൈപുണ്യ കർമ്മസേനയും രൂപീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (ബി) | ഉണ്ട്.<br><br>**<u>പ്രൊഡക്ഷൻ സെന്റർ</u>**<br><br>വ്യാവസായിക പരിശീലന വകുപ്പിന് കീഴിൽ 17 ഐ ടി ഐ കളിൽ പ്രൊഡക്ഷൻ സെന്ററുകളുടെ യൂണിറ്റ് രൂപീകരിച്ചിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷം കൊയിലാണ്ടി, ചാലക്കുടി, കളമശ്ശേരി, ചെന്നീർക്കര, കൽപ്പറ്റ, മലമ്പുഴ, ചാക്ക, പുല്ലൂർ, കോഴിക്കോട് (വനിത) എന്നീ 9 ഐ.ടി.ഐകളിൽ പ്രൊഡക്ഷൻ സെന്ററുകൾ |

| | | | |
|---|---|---|---|
| | | | ആരംഭിക്കുന്നതിന് 49,82,220/- രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷം 53,16,708/- രൂപയുടെ ഭരണാനുമതി ഏറ്റുമാനൂർ, കൊല്ലം (വനിത), ചന്ദനത്തോപ്പ്, പള്ളിയ്ക്കത്തോട്, പിണറായി എന്നീ 5 ഐ.ടി.ഐകളിൽ പ്രൊഡക്ഷൻ സെന്ററുകൾ ആരംഭിക്കുന്നതിനായി നൽകിയിട്ടുണ്ട്. നടപ്പ സാമ്പത്തിക വർഷം മടിക്കൈ, ചാലക്കുടി (വനിത), കൂത്തുപറമ്പ് എന്നീ **3** ഐ.ടി.ഐകളിൽ 9,66,126/- രൂപയുടെ ഭരണാനുമതിയും നൽകിയിട്ടുണ്ട്. ഇതിൽ പള്ളിയ്ക്കത്തോട്, കൊയിലാണ്ടി, ചെന്നീർക്കര, കൽപ്പറ്റ എന്നീ ഐ.ടി.ഐകളിൽ പ്രൊഡക്ഷൻ സെന്ററിന്റെ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.<br><br>**<u>നൈപുണ്യകർമ്മസേന</u>**<br><br>2018-ലെ പ്രളയത്തെത്തുടർന്ന് വകുപ്പിന് കീഴിലുള്ള ഐ.ടി.ഐകളിൽ താൽക്കാലി കമായി ആരംഭിച്ച നൈപുണ്യ കർമ്മസേന 2020 മുതൽ 91 ഐ.ടി.ഐകളിൽ സ്ഥിര സംവിധാനമാക്കി മാറ്റിയിട്ടുണ്ട്. ടി സേനയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ പ്രളയത്തിൽ തകർന്ന വീടുകൾ മെയിന്റനൻസ് ചെയ്യുന്നതിന് സഹായിക്കുക, ആശുപത്രികളിലെ ഉപകരണ ങ്ങളുടെ കേടുപാട് പരിഹരിക്കുക, സർക്കാർ സ്കൂളുകൾ, സ്ഥാപനങ്ങൾ എന്നിവയുടെ മെയിന്റനൻസ്, പട്ടികജാതി പട്ടികവർഗ്ഗ കോളനികളിലെ വീടുകളിലെ മെയിന്റനൻസുകൾ എന്നിവയാണ്. ഇതോടൊപ്പം ലൈഫ് മിഷൻ പദ്ധതി പ്രകാരമുള്ള വീടുകളിലെ മെയിന്റനൻസ് പ്രവർത്തികളും നടത്തുന്നുണ്ട്. |
| (സി) | കാലാനുസൃതമായി ട്രേഡുകൾ പരിഷ്കരിക്കാനും പുതിയ അവസരങ്ങൾക്കനുസൃതമായി ട്രേഡുകളും കോഴ്സുകളും ആരംഭിക്കാനും കഴിഞ്ഞിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | (സി) | ഉണ്ട്. വ്യാവസായിക പരിശീലന വകുപ്പിന് കീഴിലുള്ള 104 സർക്കാർ ഐ.ടി.ഐകളിൽ **72** ട്രേഡുകളിൽ പരിശീലനം നൽകുന്നു. കാലഹരണപ്പെട്ട ട്രേഡുകൾ ഒഴിവാക്കി റീവാമ്പിംഗിലൂടെ പുതിയ ട്രേഡുകൾ ആരംഭിക്കാനും ട്രേഡുകൾ പരിഷ്കരിക്കാനും സാധിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ